ഉത്തരം

സംസ്ഥാനത്തുള്ള 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ആവശ്യത്തിന് ചെലവഴിച്ച തുക സംബന്ധിച്ച സമാഹൃത കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

43 (1794) തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങാൻ അനുമതി

ശ്രീ. ജി. സുധാകരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്നതിനുള്ള അനുമതി പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ഉൽപ്പന്നങ്ങൾ നൽകുവാനുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) കാർഷിക യന്ത്ര വ്യാപാര മേഖലയിൽ വിപുലമായ സംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന ഏറ്റവും വലിയ സഹകരണ സ്ഥാപനമായ 'റെയ്ഡ്കോ' കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷിച്ചിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് അതിനുള്ള അനുമതി നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അപേക്ഷിച്ചിരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

44 (1795) ജനകീയാസൂത്രണ പദ്ധതിയിലെ പ്രവൃത്തികളുടെ നടത്തിപ്പ് ചുമതല

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടിയിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ നടത്തിപ്പ് ചുമതല ഇപ്പോൾ ആർക്കാണ് നൽകിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly